(ബി) ജില്ലയിലേക്ക് നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുകയിൽ ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതി, തരിശുനിലത്തിൽ നെൽകൃഷി എന്നീ പദ്ധതികളും ക്ഷീരവികസന വകുപ്പ് ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് ശുദ്ധജല മത്സ്യകൃഷി, പാടശേഖരത്തിലെ മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, കല്ലുമ്മേക്കായ കൃഷി എന്നിവയും നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു.

(ബി) കൃഷി വകുപ്പ് 56.025 ലക്ഷം രൂപയും ഫിഷറീസ് വകുപ്പ് 55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന റീ വൈറ്റലൈസേഷൻ ഓഫ് പൊക്കാളി പാഡി എന്ന പദ്ധതിയും കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അങ്കമാലി മുനിസിപ്പാലിറ്റിയിലെ നെട്ടം തോടിന്റെയും കുര്യാതോടിന്റെയും ഏഴിക്കര പഞ്ചായത്തിലെ സൗത്ത് പൊക്കാളി തേരക്കൽ പാടശേഖരം, കുണ്ടേക്കാവ് കോട്ടുവള്ളി പുഴ പാടശേഖരം റീച്ച്-1, നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന കല്ലുമ്മേക്കായ കൃഷി പദ്ധതിയും പൂർത്തീകരിക്കാനുണ്ട്.

നീര ഉല്പാദനം

124 (2957) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനം പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീര ഉല്പന്നങ്ങളുടെ കാര്യത്തിൽ ഉപഭോക്താക്കളുടെ പ്രതികരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) നീര ഉല്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽനിന്നും കേരചക്കരയും ഉത്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നീര പൈലറ്റ് പ്രോജക്ട് ചെലവിനായി 130 ലക്ഷം രൂപ കേരള സർവ്വകലാശാലയ്ക്ക് നൽകി. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി നീര ഉത്പാദനവുമായി ബന്ധപ്പെട്ട് പരിശീലനപരിപാടികളും കേരള കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്.

നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോത്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 22-6-2015-ലെ സ. ഉ. (എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം നാളികേര-നീര ബോർഡിന്റെ മുഖ്യചുമതല നീര മാർക്കറ്റിംഗ് പ്രൊമോട്ട് ചെയ്യുക എന്നതാണ്.

സംസ്ഥാനത്ത് നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉത്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ,

LIBRARY ARCHIVES Kerala Legislative Assembly

കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി എന്നിവയ്ക്ക് നീര ഉത്പാദക യൂണിറ്റ് സ്ഥാപിച്ചതിന് 50 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉപഭോക്താക്കളിൽനിന്നും നീരയ്ക്കും നീര ഉത്പന്നങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. നീര ഉത്പന്നങ്ങളുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച ജില്ലാതല സെമിനാറുകൾ പ്രദർശനങ്ങൾ എന്നിവയ്ക്ക് ഉപഭോക്താക്കളിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

(സി) നീര ഉത്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലവിൽ തടസ്സങ്ങൾ ഇല്ല.

ജൈവ കാർഷിക മണ്ഡലം പദ്ധതി

125 (2958) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ജൈവ കാർഷിക മണ്ഡലം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് മണ്ഡലതല യോഗങ്ങൾ നാളിതുവരെ വിളിച്ചു ചേർക്കപ്പെടാത്തതെന്ന് അറിയിയ്ക്കുമോ;

(സി) ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടി മണ്ഡലം സമിതികൾ രൂപീകരിയ്ക്കുവാൻ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് ഡയറക്ടർമാർ അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും സമിതികൾ എത്രയും വേഗം രൂപീകരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly